# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബളാൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 11/805/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 18/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബളാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 11/805/2021 തീയ്യതി: 18/01/2022

# കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2021 | 10-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-11-2021 | 10-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ
വീനീത് കുമാർ കെ.പി, ഓഡിറ്റ് ഓഫീസർ
തോമസ്.കെ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ജെന്ന കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കെ.സി കുഞ്ഞികൃഷ്ണൻ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരി വേണുഗോപാലൻ കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാധാമണി.എം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| രാജു കട്ടക്കയം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| കെ.വി.ഹരികുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 10-06-2020 |
| പി.പ്രസാദ് | സെക്രട്ടറി | 11-06-2020 | 09-07-2020 |
| കെ.വി.ഹരികുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-07-2020 | 04-08-2020 |
| ജോസഫ് എം ചാക്കോ | സെക്രട്ടറി | 05-08-2020 | 10-08-2020 |
| റാഷീദ് .കെ.റ്റി | സെക്രട്ടറി | 11-08-2020 | 10-03-2021 |
| ബൈജു.എം.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 23-03-2021 |
| ശ്രീനിവാസൻ പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.വി.ഹരികുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 04-08-2020 |
| Vaccant | അസിസ്റ്റന്റ് സെക്രട്ടറി | 05-08-2020 | 17-11-2020 |
| ബൈജു.എം.സി | അസിസ്റ്റന്റ് സെക്രട്ടറി | 18-11-2020 | 31-03-2021 |
| വിപിൻ.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 09-02-2021 |
| ഉമേഷ്.കെ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 10-02-2021 | 31-03-2021 |
| അനിൽ സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശരത്ത പി സുകുമാരൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശരണ്യ വേണു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| സണ്ണി.പി.കെ | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.സി.ഡി ജോസ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.രാജശ്രീ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.ഭാഗ്യശ്രീ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 07-12-2020 |
| ഡോ.പത്മേക്ഷണൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 08-12-2020 | 03-02-2021 |
| ഡോ.ഉഷ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 04-02-2021 | 27-03-2021 |
| ഡോ.ദൃശ്യ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 28-03-2021 | 31-03-2021 |
| ഡോ.ശോഭ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-12-2020 |
| ഡോ.സിംല | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-01-2021 | 31-03-2021 |
| വേണുഗോപാലൻ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 26-11-2020 |
| വിജുല.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 27-11-2020 | 31-03-2021 |
| ജയലക്ഷ്മി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-01-2021 |
| കല്യാണി നായർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-01-2021 | 31-01-2021 |
| ശാലിനി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-02-2021 | 31-03-2021 |
| സജിൻ.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാലോം സർക്കിൾ | 01-04-2020 | 31-03-2021 |
| പീതാംബരൻ.ടി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ ബളാൽ സർക്കിൾ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 15-11-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 15-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 16-11-2021) | 1-2-1 |
| 4 | റീക്കൺസിലിയേഷൻ പത്രികയിലെ അപാകത<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-2 |
| 5 | പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-3 |
| 6 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-4 |
| 7 | ആസ്തികളുടെ അക്കൗണ്ടിംഗ് അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-5 |
| 8 | ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-6 |
| 9 | നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-7 |
| 10 | ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-2-8 |
| 11 | വരവ്-ചെലവ് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല-<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-9 |
| 12 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-10 |
| 13 | ജേർണൽ എൻട്രികൾ ആധികാരികമല്ല<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-11 |

| | | |
|---|---|---|
| 14 | വസ്തു നികുതി- കണക്കുകളിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-12 |
| 15 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-13 |
| 16 | അക്കൗണ്ട്സ് സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-14 |
| 17 | വാർഷികധനകാര്യ പത്രികയിലെ മറ്റ് പ്രധാന അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-2-15 |
| 18 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar. M (Senior Grade Auditor, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-12-2021) | 1-3 |
| 19 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-12-2021) | 1-4 |
| 20 | പദ്ധതി അവലോകനം<br>Written By: Thomas. K (Asst. Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-12-2021) | 1-5 |
| 21 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-12-2021) | 1-6 |
| 22 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-12-2021) | 1-7 |
| 23 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari Venugopalan K V (Auditor, On 11-11-2021)<br>Last Updated By: Hari Venugopalan K V (Auditor, On 11-11-2021) | 1-8 |
| 24 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-12-2021) | 1-9 |
| 25 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.<br>Written By: Hari Venugopalan K V (Auditor, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-10 |
| 26 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-11 |
| 27 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 15-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | 1-12 |
| 28 | ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-13 |
| 29 | ഇ ടെണ്ടർ മുഖേന ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ശേഖരിക്കുന്നതിനായി | 1-14 |

| | | |
|---|---|---|
| | അക്കൗണ്ട് ആരംഭിച്ചിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-12-2021) | |
| 30 | പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാരന് 15 വർഷം സേവനം പൂർത്തിയാക്കിയതിന്റെ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചതിൽ അപാകതക.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-12-2021) | 1-15 |
| 31 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-16 |
| 32 | മുൻകൂർ തുക നൽകിയിട്ടും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-17 |
| 33 | പാലിയേറ്റീവ് പദ്ധതി വാഹനം വാങ്ങിയത് - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: Thomas. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-18 |
| 34 | ശിശുവികസന പദ്ധതി കേന്ദ്ര വിഹിതം ചെലവ് പരിമിതം - വിനിയോഗിക്കുവാനവശേഷിക്കുന്നത് 29 ലക്ഷം രൂപ<br>Written By: Thomas. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-12-2021) | 1-19 |
| 35 | കെ.എസ്.ഇ.ബിയിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: Thomas. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-12-2021) | 1-20 |
| 36 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ച -21,670/-രൂപയുടെ അധിക ചെലവ്.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-21 |
| 37 | സി.വി. കോളനി റോഡ് ടാറിംഗ്- 32.04% കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടതിനുപകരം 33.02% കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-22 |
| 38 | കനകപ്പള്ളി ശ്മശാനം നിർമ്മാണം-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-12-2021) | 1-23 |
| 39 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 16-11-2021) | 1-24 |
| 40 | ടി.ബി രോഗികൾക്ക് പോഷകാഹാരം പദ്ധതി വിതരണം അപാകത<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-12-2021) | 1-25 |

| | | |
|---|---|---|
| 41 | വനിതകൾക്ക് സാനിറ്ററി നാപ്കിൻ വിതരണ പദ്ധതി അപാകത<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-12-2021) | 1-26 |
| 42 | ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-27 |
| 43 | നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി അപാകത.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 12-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 03-01-2022) | 1-28 |
| 44 | ബിരുദാനന്തര ബിരുദ പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(ടി.എസ്.പി)-ചെലവു തുക തടസ്സപ്പെടുത്തുന്നു.<br>Written By: Vineeth Kumar K.P (Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-29 |
| 45 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും- രേഖകളുടെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു<br>Written By: Vineeth Kumar K.P (Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-30 |
| 46 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 1-31 |
| 47 | ഡിസ്പൻസറിയിലേക്കുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയില്ല<br>Written By: Vineeth Kumar K.P (Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-32 |
| 48 | ക്ഷീര കർഷകർക്ക് സബ്സിഡി- പാൽ അളവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Thomas. K (Asst. Audit Officer, On 12-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-33 |
| 49 | പ്രിന്റർ ലഭ്യമായിട്ടില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 15-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-34 |
| 50 | ഹരിത കർമ്മ സേന കൺസോർഷ്യം<br>Written By: Jenu Kuriakkose (Senior Grade Auditor, On 15-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-35 |
| 51 | വനിതകൾക്ക് കറവപ്പശു വിതരണം – സബ്സിഡി അധികം നൽകിയത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 15-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 01-01-2022) | 1-36 |
| 52 | വനിതകൾക്ക് കറവപ്പശു വിതരണം - പൊതു അപാകതകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 15-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-37 |
| 53 | കൃഷി ഓഫീസിന് ഫർണിച്ചർ വാങ്ങിയതിലെ -അപാകത.<br>Written By: Sunilkumar. M (Senior Grade Auditor, On 16-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 1-38 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | കനകപ്പള്ളി ശ്മശാനം നിർമ്മാണം-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 3-1 |
| 2 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു-21,670/-രൂപയുടെ അധിക ചെലവ്.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 3-2 |
| 3 | സി.വി. കോളനി റോഡ് ടാറിംഗ്- 32.04% കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടതിനുപകരം 33.02% കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു.<br>Written By: Vinoth Kumar C (Audit Officer, On 11-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-01-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 10-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 10-11-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 10-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 10-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 08-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 08-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 10-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 10-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 10-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-01-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |
| 6 | ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ലാത്ത പ്രവൃത്തികൾ. |

## ഭാഗം -1

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1<br>26.03.2020 | 2/2<br>19.02.2021 |
| മുന്നിരിപ്പ് | 5987897 | 11668 |
| വരവ് | 157056750 | 406504982 |
| ആകെ | 163044647 | 406516650 |
| ചെലവ് | 160878750 | 404350753 |
| നീക്കിയിരിപ്പ് | 2165897 | 2165897 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

#### 1-2-2 റീക്കൺസിലിയേഷൻ പത്രികയിലെ അപാകത

റീക്കൺസിലിയേഷൻ പത്രികയിൽ ഒരു വർഷം പഴക്കമുള്ള ചെക്കുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. മാലോത്ത് SCB-യിലെ (തനത് ഫണ്ട് – 450230101) മൂന്ന് മാസത്തിലധികമായി നൽകിയിട്ടുള്ളതും എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. അക്കൗണ്ടിന്റെ 31.03.2021 ലെ റിക്കൺസിലിയേഷൻ പത്രികയിൽ Cheques Deposited But Not Collected എന്ന ഇനത്തിൽ 7.3.2018-ലെ 10,950/- രൂപ, 27.3.2018 ലെ 25,950/- രൂപ, 12.3.2018-ലെ 2,500/- രൂപയുടെയും ചെക്കുകൾ ചേർത്തിട്ടുണ്ട്.

#### 1-2-3 പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ്ഷീറ്റിൽ Capital Work In Progress (B-11(a)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ പ്രോജക്ടുകൾക്ക് വേണ്ടി പാർട്ട് ബില്ലായി 2020-21 വർഷം 10,13,246/- രൂപ നല്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു,

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഫണ്ട് | തുക |
|---|---|---|---|---|
| 1 | 0148/ | മൈക്കയം അംഗൺവാടി | മെയിന്റനൻസ് ഫണ്ട് | 85,847 |

| | | | | |
|---|---|---|---|---|
| | 2020-21 | മെയിന്റനൻസ് | നോൺ റോഡ് | |
| 2 | 0149/ 2020-21 | പാലച്ചാൽ ഹോമിയോ ഡിസ്പെൻസറിക്ക് ടോയിലെറ്റും അനുബന്ധ പ്രവർത്തിയും | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2,15,488 |
| 3 | 0283/ 2020-21 | കനകപ്പള്ളി ശ്മശാനം നിർമ്മാണം | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7,11,911 |
| ആകെ | | | | 10,13,246 |

### 1-2-4 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാത്കൃത ബാങ്കായ കോർപ്പറേഷൻ ബാങ്കിലും (നിലവിൽ യൂണിയൻ ബാങ്ക്), മാലോത്ത് സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ്. ബി. ഐ. യിലും അക്കൗണ്ട് സൂക്ഷിക്കുന്നു.

### 1-2-5 ആസ്തികളുടെ അക്കൗണ്ടിംഗ് അപാകതകൾ

ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 27 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രീസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രീസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 76,500/- രൂപ ആണെങ്കിലും അതിന്റെ ഡിപ്രീസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 7,89,312/- രൂപ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രീസിയേഷൻ ഹെഡിൽ മാത്രം ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്യുവാൻ സാധിക്കുന്നില്ല, കൂടാതെ ആസ്തികളുടെ കാലപ്പഴക്കം അനുസരിച്ച് ഡിപ്രീസിയേഷന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല. സ.ഉ.(എം.എസ്.)152/2011/ തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

### 1-2-6 ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല

2020-21 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ട്, ഇ-പെയ്മെന്റ് അക്കൗണ്ടുകൾ എന്നിവയിൽ വിവിധ ഗ്രാന്റുകളും ഫണ്ടുകളും അക്കൗണ്ട് ചെയ്തിട്ടുണ്ട്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം ക്യാഷ് & ബാങ്ക് നീക്കിയിരിപ്പ് 1,98,49,044/- രൂപ മാത്രമാണ്, ബാധ്യതയായി B-4 കാണിച്ചിട്ടുള്ളത് 4,27,86,201/- രൂപയാണ്. ബാധ്യതയ്ക്ക് അനുസൃതമായി ക്യാഷ് & ബാങ്ക് ബാലൻസില്ല. അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

1-2-7 നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ 27ബാങ്ക് /ട്രഷറി അക്കൗണ്ടുകളാണ് വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, ഇതിൽ 11ബാങ്ക് /ട്രഷറി അക്കൗണ്ടുകളിൽ കൂടിയാണ് ഇടപാടുകൾ നടക്കുന്നത്. മറ്റ് 13 ബാങ്ക് /ട്രഷറി അക്കൗണ്ടുകളിൽ 31.3.2021 ന് നീക്കിയിരിപ്പില്ല, കൂടാതെ 3 ബാങ്ക് അക്കൗണ്ടുകളിൽ ചെറിയ തുക ബാലൻസുണ്ടെങ്കിലും നിലവിൽ ഇടപാട് നടക്കുന്നില്ല. ഈ അക്കൗണ്ടുകൾ നിലവിൽ ഗ്രാമ പഞ്ചായത്ത് ഉപയോഗിക്കാത്തവയാണ്. പ്രത്യേകം സൂക്ഷിക്കേണ്ടതില്ലെങ്കിൽ ഈ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-8 ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക ബാലൻസ്ഷീറ്റ് B-5 സ്റ്റേറ്റ്മെന്റ് പ്രകാരം 5,23,69,059/- രൂപയാണ്. എന്നാൽ ഈ തുക ലോൺ എടുത്തതിന്റെ വിവരങ്ങൾ പഞ്ചായത്തിന് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലോൺ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-2-9 വരവ്-ചെലവ് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല-

സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം, 09.06.2020-ന് (ബിൽ നം-7) 8,64,009/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ വരവ് - ചെലവ് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2-10 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർ.ടി.)നം. 4444/ 2020/ ഫിൻ, തിയതി 03.08.2020) ₹50,803/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിലും, മൂന്നാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർ.ടി.)നം. 12/ 2020/ ഫിൻ, തിയതി 01.01.2021) ₹1,05,863/- രൂപ ലൈഫ് ഭവന പദ്ധതി തിരിച്ചടവിനു വേണ്ടിയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകകൾ 160100402 - Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജി.ഒ. പ്രൊജക്ട് തയ്യാറാക്കി പ്രസ്തുത ചെലവ് സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

1-2-11 ജേർണൽ എൻട്രികൾ ആധികാരികമല്ല

ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. സാംഖ്യാ സോഫ്റ്റ് വെയറിൽ വരവുചെലവുകൾ രേഖപ്പെടുത്തുമ്പോഴും ജേർണൽ എൻട്രികൾ വരുത്തുമ്പോഴും കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും സമയബന്ധിതമായി അക്കൗണ്ടിങ് എൻട്രികൾ വരുത്താതുകൊണ്ടാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്. അക്കൗണ്ടിങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-12 വസ്തു നികുതി- കണക്കുകളിലെ അപാകതകൾ

വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ

അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2020-21-ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റമെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-2-13 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസറും, ഫിഷറീസ് സബ്ബ് ഇൻസ്പെക്ടറും നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരുന്നു.

### 1-2-14 അക്കൗണ്ട്സ് സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ

(A)സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന, മൂല്യ നിർണയം നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

(B)സ്ഥിരാസ്തികളുടെ ഭൗതിക പരിശോധനകൾ നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

(C)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പഞ്ചായത്ത് മീറ്റിംഗിൽ സമർപ്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-2-15 വാർഷികധനകാര്യ പത്രികയിലെ മറ്റ് പ്രധാന അപാകതകൾ

A) മുൻകൂർ നൽകിയ തുക (ബി-18 -Code No -460100103, 460500501) സമയ ബന്ധിതമായി ക്രമീകരിച്ചില്ല. കൂടാതെ 2020-21വർഷം KSEB-ൽ 1,81,601/- രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്തിട്ടുണ്ട്.

എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

B) ബാങ്ക് അക്കൌണ്ടിൽ നേരിട്ട് ലഭിക്കുന്ന ഇ -പേയ്മെന്റ് വരവ് അതത് മാസം അക്കൗണ്ട് ചെയ്യുകയോ, റിക്കൺസൈൽ ചെയ്യുകയോ ചെയ്യുന്നില്ല. ഇ-പേയ്മെന്റ് വരവുകൾ അതാതു മാസങ്ങളിൽ സാംഖ്യാ സോഫ്റ്റ്വെയറിൽ വരവ് രേഖപ്പെടുത്തി ബാങ്ക് അക്കൗണ്ട് റിക്കൺസൈൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

C) ജനനമരണ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്ഥാപനം കൈപ്പറ്റുന്ന അപേക്ഷാ ഫീ, രജിസ്ട്രേഷൻ ഫീ, പിഴ, പകർപ്പ് ഫീ എന്നീ വരവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

D) സാമ്പത്തിക വർഷാവസാനം പൂർത്തിയായതും എന്നാൽ പണം നല്കാൻ കഴിയാതിരുന്നതുമായ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവുകൾ (ക്യൂ ബിൽ) ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 39250378 |
| വരവ് | 123922968 |
| ആകെ | 163173346 |
| ചെലവ് | 143324302 |
| നീക്കിയിരിപ്പ് | 19849044 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 23828625 | 23828625 | 23698875 | 129750 | 99.45 |
| വികസന ഫണ്ട് | 0 | 256264 | 256264 | 256264 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 16222926 | 16222926 | 16222926 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 23368000 | 23368000 | 23368000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 6479000 | 6479000 | 6479000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14551799 | 14551799 | 9813629 | 4738170 | 67.43 |
| CFC ഗ്രാന്റ് (Tied ) | 0 | 8270000 | 8270000 | 1783381 | 6486619 | 21.56 |
| ആകെ | 0 | 92976614 | 92976614 | 81622075 | 11354539 | 87.78 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 3288789 (ജനറൽ) , ₹1858079 (ടി.എസ്.പി) , ₹113450 എസ്.സി.പി , സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും കുറവ് ചെയ്ത ₹171415 എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ) സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതം സ്രോതസ്സിൽ നിന്നും കിഴിച്ച 1,71,415/- (₹65532 -വോട്ടിംഗ് മെഷീൻ & ₹105883 -ലൈഫ് പദ്ധതി വായ്പ തിരിച്ചടവ്) രൂപയ്ക്ക് തുല്യമായ ജി.ഒ പ്രൊജക്ട് തയ്യാറാക്കി സുലേഖയിൽ ചെലവ് ക്രമീകരിച്ചിട്ടില്ല. ഇതിനാൽ സുലേഖ ചെലവ് പത്രികയിൽ സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതം ചെലവിൽ 1,71,415/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20410086 | 20410086 | 20410086 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 142814 | 142814 | 142814 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 14364847 | 14364847 | 14364847 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 23368000 | 23368000 | 23368000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6307585 | 6307585 | 6307585 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9813629 | 9813629 | 9813629 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 1783381 | 1783381 | 1783381 | 0 |
| ബി ഫണ്ട് | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | 0 | 180000 | 180000 | 180000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 595000 | 595000 | 595000 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 22821304 | 11999327 | 34820631 | 33820631* | 1000000 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 489040 | 4869440 | 5358480 | 4869440 | 489040 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 3294100 | 3226866 | 6520966 | 3226866 | 3294100 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 593741 | 1499740 | 2093481 | 2076050 | 17431 |
| വെസ്റ്റേൺ ഗാട്ട് | 3205 | 128 | 3333 | 0 | 3333 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 2240033 | 889195 | 3129928 | 197237 | 2931991 |
| ARWSS | 210235 | 0 | 210235 | 0 | 210235 |
| എസ്.ജി.ആർ.വൈ | 47274 | 1983 | 49257 | 0 | 49257 |
| ടോട്ടൽ സാനിറ്റേഷൻ | 137744 | 2554287 | 2692031 | 160000 | 2532031 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| വിമുക്തി | 16203 | 0 | 16203 | 0 | 16203 |
| ജല നിധി | 1059489 | 1383671 | 2443160 | 1800876 | 642284 |
| സായംപ്രഭാ ഹോം | 11921 | 0 | 11921 | 0 | 11921 |
| പി.എച്ച്.സി. കെട്ടിട നിർമ്മാണ ഗ്രാന്റ് | 20000000 | 0 | 20000000 | 0 | 20000000 |
| ശുചിത്വ മിഷൻ | 1426762 | 0 | 1423762 | 628870 | 797892 |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | 7690000 | 9700000 | 17390000 | 10748366 | 6641634 |
| കോവിഡ് പ്രതിരോധ ചെലവ് | 0 | 95460 | 95460 | 95460 | 0 |
| പാൻഡമിക് കൺട്രോൾ | 0 | 31260 | 31260 | 0 | 31260 |
| കില പരിശീലനം | 0 | 19238 | 19238 | 10738 | 8500 |
| അങ്കണവാടി നെയിം ബോർഡ് | 0 | 69000 | 69000 | 0 | 69000 |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 2233690 | 2233690 | 2233690 | CDSന് കൈമാറി |
| മറ്റുള്ളവ | | | | | |
| ഹെഡ് 320800199 (ഇനം വ്യക്തമാക്കിയിട്ടില്ല) | 4731091 | 0 | 4731091 | 513271 | 4217820 |
| മറ്റ് അവാർഡുകൾ | 200000 | 200000 | 400000 | 0 | 400000 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 11497127/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത ഇനത്തിലെ ചെലവിൽ ഉൾപ്പെട്ട 2.05 കോടി രൂപ സർക്കാർ താൽകാലികമായി ഏറ്റെടുത്ത (റിഡംപ്ഷൻ) തുകയാണ്.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 72921997/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 52281200/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 263716128 | 213 | 107539962 | - | 51 | 80.68 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 18 | 6646118 | 17 | 6319660 | 95.08 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 6096149 | 4 | 4936645 | 80.97 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 172 | 122707309 | 131 | 47887619 | 39.02 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കൃഷി ഓഫീസർ | 12 | 4542056 | 12 | 3350533 | 73.76 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 98545118 | 13 | 27025514 | 27.42 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3895000 | 3 | 3062010 | 78.61 |
| 7 | വെറ്റനറി സർജ്ജൻ | 11 | 5353700 | 11 | 5153429 | 96.25 |
| 8 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 1 | 500000 | 1 | 500000 | 100 |
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 11 | 4387343 | 10 | 3204272 | 73.03 |
| 10 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 200000 | 2 | 123986 | 62 |
| 11 | പ്രധാനാധ്യാപകൻ | 6 | 2566495 | 5 | 1817392 | 70.81 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 3269840 | 2 | 3269840 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 5007000 | 2 | 889062 | 17.75 |
| | ആകെ | 264 | 263716128 | 213 | 107539962 | 40.77 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 593741 | 1499740 | 2093481 | 2076050 | 17431 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 72921997 | 72921997 | 72921997 | 0 |
| ആകെ | 593741 | 74421737 | 75015478 | 74998047 | 17431 |

(കൂടാതെ 2019-20 വർഷം 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 5,95,000/- രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 783 പദ്ധതികളുൾപ്പെടുന്ന 17.21 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 630 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 172903 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1006 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2226200 | 202 |
| വിധവാപെൻഷൻ | 14114400 | 964 |
| വാർദ്ധക്യകാലപെൻഷൻ | 31311100 | 2372 |
| വികലാംഗപെൻഷൻ | 4164500 | 296 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 465000 | 32 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 6,602/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ അനുവദിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 1 |

| | |
|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 1 |
| ഹെഡ്ക്ലാർക്ക് | 1 |
| അക്കൗണ്ടന്റ് | 1 |
| സീനിയർ ക്ലാർക്ക് | 2 |
| ക്ലാർക്ക് | 3 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

സെക്രട്ടറി, അസി.സെക്രട്ടറി , ഹെഡ്ക്ലാർക്ക് , തുടങ്ങിയ തസ്തികകളിൽ ഉദ്യോഗസ്ഥർ നിരന്തരം സ്ഥലം മാറി പോകുന്നത് ഗ്രാമ പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01-01-2020 ലെ ഉത്തരവ് നം. എസ്.സി2 -1/2020 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. തുടർന്ന് ഭരണ സൗകര്യാർത്ഥം വിവിധ ഉപ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള നിരക്കും ഓരോ മേഖലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സും അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളെ അടിസ്ഥാനമാക്കിയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതും കരാറുകാർ നിരക്കുകൾ ക്വാട്ട് ചെയ്യുന്നതും. സി.വി. കോളനി റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2016 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റിനെ 33.02% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കിയാണ്. ഈ പ്രവൃത്തിക്ക് അനുവദനീയമായ കോസ്റ്റ് ഇന്റക്സ് 32.04% ആണ്. കൂടിയ നിരക്കിലുള്ള കോസ്റ്റ് ഇന്റക്സ് അടിസ്ഥാനപെടുത്തി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എസ്റ്റിമേറ്റ് തുക പെരുപ്പിച്ച് കാണിക്കുന്നതിന് ഇടയാക്കുകയും, അതുമൂലം കരാറുകാരൻ കൂടിയ നിരക്കിനെ അടിസ്ഥാനപെടുത്തി തുക ക്വാട്ട് ചെയ്യുന്നതിനും കാരണമായി. ഈ പ്രവൃത്തിക്ക് അനുവദനീയമായ കോസ്റ്റ് ഇന്റക്സ് ആയ 32.04% പ്രകാരം യഥാർത്ഥ എസ്റ്റിമേറ്റ് തുക 8,86,155/- രൂപയാണ്

[(892732/1.3302 ) X 1.3204]. കൂടിയ നിരക്കിലുള്ള കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനപെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 8,749/-രൂപ എസ്റ്റിമേറ്റിൽ അധികരിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ ഇനം തിരിച്ചാണ് തുക ക്വാട്ട് ചെയ്തതെങ്കിലും ഓരോ കരാറുകാരനും ക്വാട്ട് ചെയ്ത ആകെ തുകയെ അടിസ്ഥാനമാക്കിയാണ് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനെ തെരഞ്ഞെടുത്തത്. പ്രവൃത്തിയുടെ L1 കരാറുകാരനായ ശ്രീ.വി.ജെ.ജോസ് ക്വാട്ട് ചെയ്ത തുക 776318.90 രൂപയാണ്. അതായത് എസ്റ്റിമേറ്റ് തുകയേക്കാളും 13% കുറഞ്ഞ നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തത് ( 776319/892732 X100) [അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തിയ ഇനം പ്രവൃത്തികളുടെ നിരക്കും കണക്കാക്കിയത് 13% കുറഞ്ഞ നിരക്കിലാണ്]. ആയതിനാൽ തെറ്റായ കോസ്റ്റ് ഇൻഡക്സ് മൂലം പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അധികരിച്ച 8,749/-രൂപയുടെ ആനുപാതിക തുകയായ 7,612/-രൂപയും (8,749/- രൂപയുടെ 13% കുറവ് വരുത്തിയ തുക) ആയതിന്റെ 12% GST ഘടകവും (913/- രൂപ) കൂട്ടിയ തുകയായ 8,525/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിനുണ്ടായിട്ടുണ്ട്. 8,525/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

(പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തെറ്റായ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി തയ്യാറാക്കിയതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 19 തിയതി 10.11.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

1-23 കനകപ്പള്ളി ശ്മശാനം നിർമ്മാണം-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ കോസ്റ്റ് ഇൻഡക്സ് 38.24% അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ കനകപ്പള്ളി ശ്മശാനം നിർമ്മാണ പ്രവൃത്തിയുടെ പാർട്ട് ബില്ല് പ്രകാരം കരാറുകാറന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി. കോമ്പൻസേഷനായി 76,276/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | എസ്. 0110/19, 0283/20, 0283/21. |
| പ്രവൃത്തിയുടെ പേര് | കനകപ്പള്ളി ശ്മശാനം നിർമ്മാണം |
| അടങ്കൽ | 65 ലക്ഷം രൂപ [45 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 20 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതം] |
| എസ്റ്റിമേറ്റ് | ₹ 65,00,000/- (EST NO:2018/128769) |
| സാങ്കേതികാനുമതി | ₹ 65,00,000/- No.1278(എ)/സി1/2015/എസ്.എം. Dated 04.12.2018, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ. |
| എം. ബുക്ക് നം. | 253/2019-20 |

| | | | |
|---|---|---|---|
| ആകെ അളവ് മൂല്യം | ₹ 6,35,635/- (പാർട്ട് ബിൽ) | | |
| കരാറുകാരൻ | രാജേഷ്.ബി | | |
| പി.എ.സി | ₹ 30,55,779/- | | |
| എഗ്രിമെന്റ് നമ്പർ | 3/2020-21 Dated 05.08.2020 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | BRN 20200552007601428957 തീ:28.03.2021 | ₹ 7,11,911/- | ₹ 6,83,435/- |

ബളാൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കനകപ്പള്ളി എന്ന സ്ഥലത്ത് (RS No 112/11A1, ബളാൽ വില്ലേജ്) ഒരു വാതക ശ്മശാനം സ്ഥാപിക്കുന്നതിന് 65 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കുകയുണ്ടായി. പദ്ധതിയുടെ എസ്റ്റിമേറ്റ് (EST NO:2018/128769) പ്രകാരം നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Item | Amount |
|---|---|---|
| 1 | Construction Of Crematorium Building | ₹ 40,37,685.17 |
| 2 | Electrification (Lump Sum) | ₹ 3,00,000.00 |
| 3 | Borewell & Accessories (Lump Sum) | ₹ 1,50,000.00 |
| 4 | Crematorium Accessories Including Crematorium Furnace, Chimney, Trolley Etc (Lump Sum) | ₹ 20,00,000.00 |
| | Unforeseen Items If Any (Lump Sum) | ₹ 12,314.83 |
| | Grand Total | ₹ 65,00,000.00 |

പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റ് ശുചിത്വമിഷൻ പരിശോധിച്ച് സാങ്കേതികാനുമതി നൽകുകയുണ്ടായി.

എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കാനുള്ള ശ്മശാനത്തിന്റെ കെട്ടിട നിർമ്മാണം, കുഴൽ കിണർ നിർമ്മാണം എന്നിവയ്ക്കായി ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തികൾ എറ്റെടുത്തു നടപ്പാക്കുന്നതിന് കുറഞ്ഞ തുക (30,55,779/- രൂപ) ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ. രാജേഷ്.ബി-യെ പ്രവൃത്തി ഏൽപ്പിക്കുകയുമുണ്ടായി.

പ്രവൃത്തിയുടെ അളവ് പുസ്തകം ( പേജ് നം 36 പ്രകാരം) പ്രകാരം 6,35,635/- രൂപ ആകെ അളവ് മൂല്യം കണക്കാക്കി ഒന്നാമത്തെ പാർട്ട് ബില്ലായി ചുവടെ വിവരിക്കും പ്രകാരം കരാറുകാരന് 6,83,435/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം (പാർട്ട് ബില്ല്) | ₹ 6,35,635/- |
| (+) 12% GST | ₹ 76,276/- |
| ആകെ | ₹7,11,911/- |
| (-) ആദായ നികുതി @ 1% | ₹ 7,119/- |

| | |
|---|---|
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 7,119/- |
| (-) CGST @ 1% | ₹ 7,119/- |
| (-) SGST @ 1% | ₹ 7,119/- |
| കരാറുകാരന് നല്കിയ തുക | ₹ 6,83,435/ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് DSR 2016 പ്രാകാരം 38.24% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കിയാണ്. ഈ എസ്റ്റിമേറ്റിൽ (EST NO:2018/128769) ജി.എസ്.ടി. കോമ്പൻസേഷന് തുക വകയിരുത്തിയിട്ടില്ല. എന്നാൽ പ്രവൃത്തിയുടെ കരാറുകാരന് പാർട്ട് ബിൽ പ്രാകാരം തുക അനുവദിച്ചപ്പോൾ 12% ജി.എസ്.ടി കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. പാർട്ട് ബില്ലിൽ ജി.എസ്.ടി കോമ്പൻസേഷൻ തുക കൂട്ടി നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 72,276/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഇത് പ്രവൃത്തിയുടെ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 12 തിയതി 09.11.2021).

## 1-24 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ .

2020-2021 വർഷം ഗ്രാമ പഞ്ചായത്ത് നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പാർട്ടിലെ അനുബന്ധം-6ൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

## 1-25 ടി.ബി രോഗികൾക്ക് പോഷകാഹാരം പദ്ധതി വിതരണം അപാകത

| | |
|---|---|
| പ്രോജക്ട് നം. | S0135/21 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിഭാഗത്തിൽ വിഭാഗത്തിൽപെട്ട ക്ഷയ രോഗികൾക്ക് ഭക്ഷണ കിറ്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. വെള്ളരിക്കുണ്ട് |
| ചെലവ് തുക | 80,928/- രൂപ വികസന ഫണ്ട് (ടി.എസ്.പി) |
| ബിൽ നമ്പർ, തീയതി | 08/2020-21 തീയതി.22.09.2020 Rs.19,931/-<br>16/2020-21 തീയതി.30.01.2021 Rs.44,997/-<br>21/2020-21 തീയതി.09.03..2021 Rs.9,000/-<br>31/2020-21 തീയതി.27.03.2021 Rs.7,000/- |

| | |
|---|---|
| | ആകെ= 80,928/- രൂപ |

പ്രൊജക്റ്റ് നമ്പർ S0135/21 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്ഷയ രോഗികൾക്ക് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലായി ഭക്ഷണകിറ്റ് വിതരണം ചെയ്യൽ പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) മേൽ ബിൽ തുകകൾ പ്രകാരം ആകെ 80,928/- രൂപ ചെലവഴിച്ച് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ ഭക്ഷണ കിറ്റുകൾ ക്ഷയ രോഗികൾക്കാണ് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ഗുണഭോക്താക്കളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് / ഇത് സംബന്ധിച്ച മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് / ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ബിൽ നമ്പർ.16/21 തീയതി. 30.01.2021 പ്രകാരം 44,997/- രൂപയുടെ ഭക്ഷണ കിറ്റുകൾ വാങ്ങുന്നതിനായി മരിയൻസ് ഹോട്ട് & കൂൾ എന്ന സ്ഥാപനത്തിന്റെ ബിൽ നം.501/01.12.2020 പ്രകാരം 5,000/- രൂപയുടെയും, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ബിൽ നം.1402110/201039/ 20.12.2020 പ്രകാരം 24,001/- രൂപയുടെയും, മരിയൻസ് ഹോട്ട് & കൂൾ എന്ന സ്ഥാപനത്തിന്റെ ബിൽ നം.503/ 29.12.2020 പ്രകാരം 6,000/- രൂപയും ചേർത്ത് ആകെ 35,001/- രൂപയുടെ വൗച്ചറുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 9,996/- രൂപയുടെ ഭക്ഷണ കിറ്റ് വാങ്ങിയതിന്റെ വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 9,996/- രൂപയുടെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ 80,928/- രൂപയുടെ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 80,928/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.14 /തി. 10.11.2021)

## 1-26 വനിതകൾക്ക് സാനിറ്ററി നാപ്കിൻ വിതരണ പദ്ധതി അപാകത

| | |
|---|---|
| പ്രോജക്റ്റ് നം. | SO125/21 |
| പ്രോജക്റ്റിന്റെ പേര് | വനിതകൾക്ക് സാനിറ്ററി നാപ്കിൻ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വെള്ളരിക്കുണ്ട് |
| ഫണ്ട് വിവരങ്ങൾ | വികസന ഫണ്ട്- ജനറൽ<br>4,00,000/- രൂപ |
| ബിൽ നമ്പർ, തീയതി | 23/20-21 / 09.03.2021 തുക 4,00,000/- രൂപ |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0125/21പ്രകാരം ബി.പി.എൽ. കുടുംബത്തിൽപെട്ട സ്ത്രീകളുടെ ആരോഗ്യ സംരക്ഷണവും ശുചിത്വ ബോധവൽക്കരണവും നടത്തുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ പദ്ധതി തയ്യാറാക്കിയത് . പദ്ധതിക്കായി വികസന ഫണ്ടിൽ (ജനറൽ) നിന്നും മേൽ ബിൽ പ്രകാരം 4,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ഗവൺമെന്റ് അംഗീകാരമുള്ള ഭാരതീയ ജൻ ഔഷധി കേന്ദ്രം വെള്ളരിക്കുണ്ട് എന്ന സ്ഥാപനത്തിന്റെ 14.01.2021 ലെ ഇൻവോയ്സ് നമ്പർ.1 പ്രകാരം 2.65 രൂപ വിലയുള്ള 1,50,943 എണ്ണം സാനിറ്ററി നാപ്കിൻ വാങ്ങിയിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു

വെള്ളരിക്കുണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ 16.04.2021 തീയ്യതിയിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സിക്ക് നൽകിയ പരാതിയിൽ പി.എച്ച്.സിയിലേക്ക് വിതരണം ചെയ്ത സാനിറ്ററി നാപ്കിൻ ഉപയോഗിക്കാൻ പറ്റാത്തവിധം ഗുണനിലവാരം കുറഞ്ഞതാണെന്നും, ഉത്പന്നത്തിന്റെ പേര്, നിർമ്മാണ തീയ്യതി രേഖപ്പെടുത്താത്തതിനാൽ പൊതുജനങ്ങൾ പരാതി പറയുന്നുണ്ടെന്നും അറിയിച്ചു. ആയതിനാൽ സപ്ലൈ ചെയ്ത സാനിറ്ററി നാപ്കിൻ തിരിച്ചെടുത്ത് ഗുണ നിലവാരം ഉള്ളതും ഉപയോഗിക്കാൻ പറ്റുന്നതുമായ സാനിറ്ററി നാപ്കിൻ എത്തിച്ച് നൽകുന്നുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഏലിയാമ്മ വർഗ്ഗീസ്, പബ്ലിക്ക് ഹെൽത്ത് നേഴ്സ് രേഖാമൂലം മെഡിക്കൽ ഓഫീസറെ അറിയിക്കുകയുണ്ടായി. തുടർ നടപടിയുടെ ഭാഗമായി മെഡിക്കൽ ഓഫീസറുടെ 20.04.2021 തീയ്യതിയിലെ കത്ത് നമ്പർ.185/2020 പ്രകാരം മാനേജർ, ഭാരതീയ ജൻ ഔഷധി കേന്ദ്രം വെള്ളരിക്കുണ്ട് എന്ന സ്ഥാപനത്തിന് അയച്ച കത്തിൽ സ്ഥാപനം വിതരണം ചെയ്ത 150943 എണ്ണം സാനിറ്ററി നാപ്കിൻ ഗുണനിലവാരം ഇല്ലാത്തതാണെന്നും ഉപയോഗ യോഗ്യമല്ലെന്നും, ഗവൺമെന്റ് അംഗീകാരമുള്ള ജൻ ഔഷധി പോലുള്ള സ്ഥാപനത്തിൽ നിന്നും ഇത്തരം ഗുണ നിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തതിലൂടെ സർക്കാറിനെ ഈ സ്ഥാപനം കബളിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്തിരിക്കുകയാണെന്നും, ആയതിനാൽ വിതരണം ചെയ്ത പ്രസ്തുത സാനിറ്ററി നാപ്കിൻ ഈ കത്ത് കിട്ടി 7 ദിവസത്തിനകം തിരിച്ചെടുക്കുകയും 14 ദിവസത്തിനകം പുതിയ ഗുണ നിലവാരമുള്ള സാനിറ്ററി നാപ്കിൻ വിതരണം ചെയ്യേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം മറ്റ് നിയമ നടപടി സ്വീകരിക്കേണ്ടതായി വരും എന്ന കാര്യം മെഡിക്കൽ ഓഫീസർ കത്ത് മുഖാന്തിരം അറിയിക്കുകയുണ്ടായി. തുടർ വിവരം അറിയിക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 4,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (10.11.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.20)

1-27 ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0007/21 |
| പ്രോജക്ടിന്റെ പേര് | വെള്ളരിക്കുണ്ട് – കൊന്നക്കാട് പി.എച്ച്.സികൾക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. വെള്ളരിക്കുണ്ട് |
| ബിൽ നമ്പർ, തീയതി | 17/2020-21/ 30-01-2020 |
| ഫണ്ട് വിവരങ്ങൾ | മെയിന്റനൻസ് ഫണ്ട്- റോഡിതരം<br>3,00,000/-രൂപ |

മേൽ നമ്പർ പ്രോജക്റ്റ് പ്രകാരം വെള്ളരിക്കുണ്ട് – കൊന്നക്കാട് പി.എച്ച്.സികൾക്ക് മരുന്ന് വാങ്ങുന്നതിനായി 3,00,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. സപ്ലൈകോ വടകരയുടെ ഇൻവോയ്സ് നമ്പർ. KZD/2575/2020/ 16.11.2020 പ്രകാരം 18,484/- രൂപയുടെയും, സപ്ലൈകോ വടകരയുടെ ഇൻവോസ് നമ്പർ. KZD/2834/2020/ 01.12.2020 പ്രകാരം 10,408/- രൂപയുടെയും, സപ്ലൈകോ നാദാപുരത്തിന്റെ ഇൻവോസ് നമ്പർ. 1103302/ 20162/ 26.11.2020 പ്രകാരം 20,998/- രൂപയുടെയും, ലോഡിംഗ് ചാർജ് ഇനത്തിൽ 110/- രൂപയും ചേർത്ത് ആകെ 50,000/- രൂപയുടെ മരുന്നുകൾ മാത്രമാണ് സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് മുൻകൂറായി നൽകിയ 2,50,000/- രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയ്യതി വരെ പി.എച്ച്.സിലേക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,50,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (10.11-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.15)

1-28 നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി അപാകത.

| | |
|---|---|
| പ്രോജക്റ്റ് നം. | S0122/21 |
| പ്രോജക്റ്റിന്റെ പേര് | പാവപ്പെട്ട നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി വെള്ളരിക്കുണ്ട് |
| ഫണ്ട് വിവരങ്ങൾ | വികസന ഫണ്ട്- ജനറൽ<br>5,00,000/-രൂപ |
| ബിൽ നമ്പർ, തീയതി | 03/2020-21 /25.6.20 Rs.50,000<br>12/2020-21 /30.1.21 Rs.4,50,000<br>ആകെ = 5,00,000/- |

മേൽ നമ്പർ പ്രോജക്റ്റ് പ്രകാരം പാവപ്പെട്ട നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും (ജനറൽ) 5,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ

ഓഫീസർ ഭാരതീയ ജന ഔഷധി കേന്ദ്രം വെള്ളരിക്കുണ്ട്, സപ്ലൈകോ ഹോൾസെയിൽസ് മെഡിസിൻ ഡിവിഷൻ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരം, മാവേലി മെഡിക്കൽ സ്റ്റോർ എന്നീ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 510101006964465, 3624001800000037, 14130200015732,) തുക ട്രാൻസ്ഫർ നടത്തുകയുണ്ടായി. ബിൽ നമ്പർ. 002248/ 11.05.2020 പ്രകാരം 50,000/- രൂപയുടെയും, ഇൻവോയ്സ് നമ്പർ. 1103302/20171/ 09.12.2020 പ്രകാരം 46,674/- രൂപയുടെയും, ഇൻവോയ്സ് നമ്പർ.KZD/3209/2020/ 01.01.2021 പ്രകാരം 32,854/ – രൂപയുടെയും, ഇൻവോയ്സ് നമ്പർ. KZD/2877/2020/ 11.12.2020 പ്രകാരം 1,20,472/- രൂപയും ചേർത്ത് ആകെ 2,50,000/- രൂപയുടെ മരുന്നുകൾ മാത്രമേ പി.എച്ച്.സിക്ക് ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 2,50,000/- രൂപയുടെ മരുന്നുകൾ സ്ഥാപനം ഇനിയും ലഭ്യമാക്കാനുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,50,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (10.11-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.13)

## 1-29 ബിരുദാനന്തര ബിരുദ പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(ടി.എസ്.പി)- ചെലവു തുക തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ, SVMGUP സ്കൂൾ, എടത്തോട്

പ്രോജക്ട് നം - 0291/21

പ്രോജക്ടിന്റെ പേര് - ബിരുദാനന്തരബിരുദ, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

അടങ്കൽ - 2,00,000/- രൂപ – (തനത് ഫണ്ട്)

ചെലവ് തുക –1,37,300/- രൂപ

ബിൽ നമ്പർ, തീയതി- 1) 5/20-21, തീ.2-11-2020

2) 8/20-21, തീ.31-3-2021

2020-21 വർഷം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും പോളിടെക്നിക് വിദ്യാർത്ഥികൾക്കും ലാപ് ടോപ് വാങ്ങൽ പദ്ധതിക്കായി വികസനഫണ്ടിൽ (TSP) നിന്നും 1,37,300/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് 5 ലാപ്ടോപ്പുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

1) ഗ്രാമ സഭ അംഗീകരിച്ചു തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റോ പഞ്ചായത്ത് തീരുമാനമോ ലഭ്യമാക്കിയിട്ടില്ല.

2) വിതരണ സ്ഥാപനമായ കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

3) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ടി ഗുണഭോക്താക്കൾ നേരത്തെ ഈയിനത്തിലുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5) ലാപ് ടോപ് വിതരണം ചെയ്യുന്ന സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

6) ലാപ് ടോപ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

മേൽക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ /വിശദീകരണങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 1,37,000 രൂപ തടസ്സപ്പെടുത്തുന്നു.

1-30 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും- രേഖകളുടെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ, S.V.M.GUPസ്കൂൾ, എടത്തോട്

പ്രോജക്ട് നം - 0343/21

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും.

അടങ്കൽ - 8,50,000/- രൂപ – (വികസനഫണ്ട് – പൊതുവിഭാഗം)

ചെലവ് തുക – 8,49,862/- രൂപ

ബിൽ നമ്പർ, തീയതി- 7/20-21, തീ.27-03-2021

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പട്ടിക ജാതി വിഭാഗത്തിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് KADCO എന്ന സർക്കാർ അധീനതയിലുള്ള സ്ഥാപനത്തിൽനിന്നും ഫർണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ഇതിനായി വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും 8,49,862/- രൂപ ചെലവഴിച്ചിട്ടുണ്ട്. 6 വിദ്യാലയങ്ങളിലെ 170 വിദ്യാർത്ഥികൾക്ക് ഓരോ മേശയും കസേരയും വീതം വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. തുക KADCO റീജിയണൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് (0808201005758) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വേളയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ക്കൊടുക്കുന്നു.

1) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റോ പഞ്ചായത്ത് തീരുമാനമോ ലഭ്യമാക്കിയില്ല.

2) ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപെടുന്നവരാണെന്നു തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ടി ഗുണഭോക്താക്കൾ നേരത്തെ ഈയിനത്തിലുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതിക്കുവേണ്ടി ഫർണിച്ചർ വിതരണം ചെയ്യുന്ന സ്ഥാപനവുമായി ചേർന്ന് തയ്യാറാക്കിയ കരാറിൽ നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യമായ രേഖപ്പെടുത്തൽ പൂർണ്ണമാക്കുകയോ ഒപ്പുവെക്കുകയോ ചെയ്തിട്ടില്ല.

5) പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ഫർണിച്ചറുകളുടെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

6) വിതരണ സ്ഥാപനമായ KADCO യുടെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയില്ല.

മേൽക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ / വിശദീകരണങ്ങൾ

ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 8,49,862/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

1-31 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ & തിയതി | ഈടാക്കേണ്ട ജി.എസ്.ടി. | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|---|
| 1 | ഒട്ടേമാളം ചാമക്കളം റോഡ് കോൺക്രീറ്റ് | ഷൈബി സെബാസ്റ്റ്യൻ | 3,46,685 | 324518/ 30.09.2020 | 6,934 | 3,467 |
| 2 | മരുതോം പാലച്ചാൽ റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 1,79,491 | 808888/ 22.02.2021 | - | 1,795 |
| 3 | മുട്ടോങ്കടവ് മുസ്ലീം കോളനി റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 2,14,162 | 498016/ 30.11.2020 | - | 2,142 |
| 4 | ചൈത്രവാഹിനിറോഡ് കോൺക്രീറ്റ് | അരുൺ ജോസ് | 3,86,474 | 478858/ 04.11.2020 | 7,729 | 3,865 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ദർഘാസ് കുഴിപനം റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,80,088 | 365518/ 12.10.2020 | 7,602 | 3,801 |
| 6 | മരുതോം ശിവഗിരി റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,42,792 | 84709/ 847022/ 04.03.2021 | 6,856 | 3,428 |
| 7 | മൈയ്യകുടി കോളനി റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,73,686 | 291719/ 291739/ 17.09.2020 | 7,474 | 3,737 |
| 8 | കുഴിപ്പനം ചേരിപ്പാടി റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,78,992 | 808748/ 808752/ 22.02.2021 | 7,580 | 3,790 |
| 9 | ദർഘാസ് ബന്തമല റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,61,057 | 282701/ 14.09.2020 | 7,221 | 3,611 |
| 10 | വട്ടക്കയം കാവ് റോഡ് കോൺക്രീറ്റ് | അരുൺ ജോസ് | 3,70,598 | 478871/ 23.11.2020 | 7,412 | 3,706 |
| 11 | കാഞ്ഞിരക്കുണ്ട് ചമ്പക്കുളം റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,85,014 | 744682/ 11.02.2021 | 7,700 | 3,850 |
| 12 | ചെരുമ്പക്കോട് കോളനി റോഡ് കോൺക്രീറ്റ് | ഷൈബി സെബാസ്റ്റ്യൻ | 3,61,721 | 732703/ 732708/ 20.03.2021 | 7,234 | 3,617 |
| 13 | വരിക്കപള്ളി തലകുളം റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,85,674 | 426582/ 426586/ 05.11.2020 | 7,713 | 3,857 |
| 14 | അമലഗിരി പള്ളി നെല്ലിയട്ടുമുക്ക് റോഡ് കോൺക്രീറ്റ് | ഷൈബി സെബ്സ്റ്റ്യൻ | 3,77,916 | 969450/ 969458/ 30.03.2021 | 7,558 | 3,779 |
| 15 | ചുള്ളി പൂവാത്തും മൊട്ട റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,84,994 | 282689/ 2826692/ 14.09.2020 | 7,700 | 3,850 |
| 16 | സ്വാമിമുക്ക് ചെറുപറമ്പ് റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,71,573 | 588929/ 588936/ 31.12.2020 | 7,431 | 3,716 |

| | | | | | | |
|---|---|---|---|---|---|---|
| 17 | കരുണ ജംഗ്ഷൻ മാലോം റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,63,682 | 312959/ 25.09.2020 | 7,274 | 3,637 |
| 18 | കുഴിപ്പനം ചേരിപ്പാടി റോഡ് കോൺക്രീറ്റ് | സെബാസ്റ്റ്യൻ എം.ഡി | 3,86,874 | 173261/ 15.07.2020 | 7,737 | 3,869 |
| | | | | ആകെ | 1,19,155 | 63,517 |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/09.11.2021) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ആദായ നികുതി, ജി.എസ്.ടി എന്നീയിനങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

## 1-32 ഡിസ്പൻസറിയിലേക്കുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി

പ്രോജക്ട് നം - 0322/21

പ്രോജക്ടിന്റെ പേര് - പാലച്ചാൽ ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും ഇൻവെർട്ടറും .

അടങ്കൽ - 1,00,000/- രൂപ – (തനത് ഫണ്ട്)

ചെലവ് തുക – 51,045/- രൂപ

ചെക്ക് നമ്പർ, തീയതി – 5361248 തീയതി. 22-03-2021

പാലച്ചാൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ 0322/21 പ്രകാരം തനതു ഫണ്ടിൽ നിന്ന് 51,045/- രൂപ

ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റ് പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 8.03.2021തിയ്യതിലെ TVM/ITBG/ PI/RC/23799/20-21 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഒരു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. (അക്കൗണ്ട് നം. 799011400003959). എന്നാൽ കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനം നാളിതു വരെയായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഇവ ലഭ്യമാക്കുന്നതിന് രേഖാമൂലം നടപടികളൊന്നും സ്വീകരിച്ചിട്ടുമില്ല. കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി ഇൻവോയ്സ്, സ്റ്റോക്ക് രേഖകൾ എന്നിവ ഹാജരാക്കുന്നതുവരെ പദ്ധതിയ്ക്കായി നടത്തിയ 51,045/- രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

23-10-2021 ലെ സ.ഉ.(സാധാ.) നം.2076/ ത.സ്വ.ഭ.വ. പ്രകാരം CPCRS പോർട്ടൽ മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങുന്നതിനും ഇതുപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.2 തീയതി.06.11.2021)

1-33 ക്ഷീര കർഷകർക്ക് സബ്സിഡി- പാൽ അളവ് രേഖകൾ ഹാജരാക്കിയില്ല.

2020-21, വർഷം നടപ്പിലാക്കിയ പ്രൊ.നം 179/20-21, 121/20-21 എന്നിവയുടെ (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി) ഭാഗമായി ചുവടെ ചേർത്ത ട്രഷറി ബില്ലുകൾ പ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ.നം | ട്രഷറി ബിൽ നം തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 0319299/7.7.2020<br>₹2,46,197/- (പ്രൊ.നം.179/21) | 203 |
| 2 | ബിൽ നം.5/31.12.20<br>3,46,844/-(പ്രൊ.നം.121/21) | 90 |

കർഷകർ ക്ഷീരസംഘങ്ങളിൽ പാൽ അളന്നത് സാധൂകരിക്കുന്ന യാതൊരു രേഖകളും (കർഷകരുടെ വിവരങ്ങൾ, അളന്ന പാൽ , കാലയളവ്, സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ക്ഷീര സംഘം അധികൃതർ നൽകുന്ന പട്ടിക , നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന സബ്സിഡി കണക്കാക്കുന്ന സ്റ്റേറ്റ്മെന്റ് എന്നിവ) ട്രഷറി ബില്ലിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ മേൽപ്രകാരമുള്ള ചെലവ് തുകയായ 593,041/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.17/20-21 തിയതി .10-11-2021)

1-34 പ്രിന്റർ ലഭ്യമായിട്ടില്ല

വി.ഇ.ഒ. ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി, പ്രൊജക്റ്റ് നം 0323/21 പ്രകാരം തനത് ഫണ്ടിൽ നിന്നും ₹92,682/-, (ചെക്ക് നം .34108 / 20.11.2020 പ്രകാരം) വി.ഇ.ഒ. ക്ക് കൈമാറിയിട്ടുണ്ട്. കെൽട്രോൺ തിരുവനന്തപുരത്തിന്റെ 03.11.2020 തിയതിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 20000 പ്രകാരം ഒരു ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറും, പ്രൊഫോർമ ഇൻവോയ്സ് നമ്പർ 19999 പ്രകാരം ഒരു ലേസർ പ്രിന്ററും ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ അക്കൗണ്ടിലേക്ക് (A/c No: 799011400003959) തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. തുടർന്ന് ഡെസ്ക്ക് ടോപ്പ് ലഭ്യമാക്കിയെങ്കിലും ഇതുവരെയും (11/2021) പ്രിന്റർ ലഭ്യമാക്കിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥൻ

31.03.2021 ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്.

23-10-2021 ലെ സ.ഉ.(സാധാ.) നം.2076/ ത.സ്വ.ഭ.വ. പ്രകാരം CPCRS പോർട്ടൽ മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരുമാസത്തിലധികം താമസമുണ്ടായാൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങുന്നതിനും ഇതുപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. വിതരണം ഇനിയും വൈകുന്ന പക്ഷം മേൽ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-35 ഹരിത കർമ്മ സേന കൺസോർഷ്യം

ഹരിത കർമ്മ സേനയുടെ കീഴിൽ വരുന്ന ദൈനംദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിത കർമ്മ കൺസോർഷ്യം രൂപീകരിക്കുന്നത്. ഹരിത കർമ്മ സേനയെ ഏകോപന സംവിധാനമെന്ന നിലയിൽ ഹരിത കർമ്മ സേന കൺസോർഷ്യമായും, തൊഴിൽ സംരംഭം എന്ന നിലയിൽ മൈക്രോ സംരംഭ ഗ്രൂപ്പുകളായും തരം തിരിക്കാവുന്നതാണ്. പഞ്ചായത്തിൽ കുടുംബശ്രീ തലത്തിലുള്ള നാല് സംരംഭങ്ങൾ ചേർന്നാണ് ഹരിത കർമ്മ കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്.

ഹരിത കർമ്മ സേന രൂപീകരണം, സംഘടന സംവിധാനം, അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, സംരംഭക പ്രവർത്തനം, കണക്കെഴുത്ത്, ഓഫീസ് സംവിധാനം , പ്രവർത്തനങ്ങൾ തുടങ്ങി ഹരിത കൺസോർഷ്യത്തിന്റെ പ്രവർത്തന ചുമതലകൾ, വാണിജ്യ ചുമതലകൾ, സാമ്പത്തിക സ്രോതസ്സുകൾ , യൂസർഫീ, കോർപ്പസ് ഫണ്ടിന്റെ സമാഹരണം വിനിയോഗം, അക്കൗണ്ടിങ് ഓഡിറ്റിങ്, സൂക്ഷിക്കേണ്ട വിവിധ രജിസ്റ്ററുകൾ / ബുക്കുകൾ , തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതലകൾ, കുടുംബശ്രീ മിഷൻ, സി.ഡി.എസ്, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ ബോർഡ്, ഹരിത സഹായ സ്ഥാപനം എന്നിവയുടെ ചുമതലകളും ഹരിത കർമ്മ സേന പ്രവർത്തന മാർഗ്ഗ രേഖയിൽ (സ.ഉ (സാധാ.)നം. 1496/2020/ ത.സ്വ.ഭ.വ. തിയതി.12.08.2020 ) നിർദ്ദേശിക്കുന്നതു പ്രകാരമായിരിക്കണം. ഹരിത കർമ്മ കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് ൻൽകുന്നതിനെപ്പറ്റിയും ഈ മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നുണ്ട്.

പഞ്ചായത്തിൽ ഹരിത കർമ്മ സേന കൺസോർഷ്യത്തിന് കേരള ഗ്രാമീൺ ബാങ്ക് വെള്ളരിക്കുണ്ട് ശാഖയിൽ 27.01.2021 ൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട് (A/c No: 40511101030646). ഈ അക്കൗണ്ടിലേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി ,₹ 3,70,800/- കൈമാറിയിട്ടുണ്ടെന്ന് , വി.ഇ .ഒ. അറിയിച്ചു (03.03.21 ൽ₹ 87,275/-, 20.03.21 ൽ ₹1,03,750/- , 30.03.21 ൽ ₹ 1,79,775/-). ഈ അക്കൗണ്ടിൽ 31.03.2021 ൽ ₹ 2,38,079/- നീക്കിയിരിപ്പുണ്ട്. ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് നൽകിയില്ല. ആയതിനാൽ കൺസോർഷ്യത്തിന്റെ 31.03.2021 വരെയുള്ള വരവ്-ചെലവുകളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം സമർപ്പിക്കേണ്ടതാണ്. കൺസോർഷ്യത്തിന്റെ പ്രവർത്തനം മാർഗ്ഗരേഖ പ്രകാരമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 വനിതകൾക്ക് കറവപ്പശു വിതരണം – സബ്സിഡി അധികം നൽകിയത്

2020-21 വർഷത്തിൽ വെറ്റിനറി സർജൻ നടപ്പിലാക്കിയ വനിതകൾക്ക് കറവപ്പശു വിതരണം (ജനറൽ) 0028/21 എന്ന പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി. കാർത്യായനി ടി, തുളുച്ചേരിൽ എന്നവർക്ക് ധന സഹായമായി ₹25,000/- അനുവദിച്ചിട്ടുണ്ട് (BRN:804542 / Dtd.04.12.2020 , SubTsry, Vellarikkundu). ഇവരുടെ പേരിലുള്ള കേരള ഗ്രാമീൺ ബാങ്ക് വെള്ളരിക്കുണ്ട് ശാഖയിലെ അക്കൗണ്ടിൽ (A/c No: 40511131014091) ലോൺ തുകയായി കാണിച്ചിട്ടുള്ളത് 48000/- രൂപയാണ്. സബ്സിഡി

മാർഗ്ഗരേഖ പ്രകാരം, കറവപശുവിനെ വാങ്ങുന്നതിന് ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് പരമാവധി അനുവദിക്കാവുന്ന ധനസഹായം 50% -മാണ്. അതിനാൽ 48000/- രൂപയുടെ 50%-മായ 24000/- രൂപയുടെ ധന സഹായത്തിനാണ് ഇവർക്ക് അർഹതയുള്ളത്. അതിനാൽ അധികം നൽകിയ ₹1000/- തിരികെ ഈടാക്കി, വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-37 വനിതകൾക്ക് കറവപ്പശു വിതരണം - പൊതു അപാകതകൾ

പഞ്ചായത്തിലെ ജനറൽ വിഭാഗത്തിലെയും പട്ടിക വർഗ്ഗ വിഭാഗത്തിലെയും വനിതകൾക്ക് കറവപശുവിനെ വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ നിർവഹണത്തിൽ കണ്ട ഏതാനും പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾ വാങ്ങിയ പശുവിന്റെ Valuation Certificate പരിശോധനക്ക് നൽകിയിട്ടില്ല.

2. പശുക്കളുടെ Ear Tag വ്യക്തമാകുന്ന വിധത്തിലും, ഗുണഭോക്താവിനോടൊപ്പമുള്ളതുമായ ഫോട്ടോകൾ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

3. നിർവഹണ ഉദ്യോഗസ്ഥനും ഗുണഭോക്താവും തമ്മിലുള്ള കരാർ അപൂർണ്ണമാണ്.

4. പശുക്കൾ ചത്തു പോകുന്ന / വിറ്റു പോകുന്ന സംഭവങ്ങളിൽ കാര്യക്ഷമമായ തുടർ നടപടി സ്വീകരിക്കുന്നില്ല.

5. പശുക്കളെ കൂടുതലും സമീപ പ്രദേശങ്ങളിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഇത് പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തെ പിന്നോട്ടടിക്കുന്നു.

6. യഥാർത്ഥ ആവശ്യക്കാരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വീഴ്ച വരുന്നതിനാൽ പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നില്ല.

7. കുറഞ്ഞ കാലയളവിലേക്ക് പശുക്കളെ ഇൻഷുർ ചെയ്യുന്നതിനാൽ പശുക്കൾക്കുണ്ടാവുന്ന അപാകങ്ങളിൽ നിന്നും കർഷകർക്ക് കൃത്യമായ പരിരക്ഷ ലഭിക്കാതെ വരുന്നു.

## 1-38 കൃഷി ഓഫീസിന് ഫർണിച്ചർ വാങ്ങിയതിലെ -അപാകത.

2020-2021 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കൃഷി ഓഫീസിന് ഇൻവെർട്ടർ, ഇലക്ട്രിക്ക് ഉപകരണങ്ങൾ, ഫർണിച്ചർ മറ്റിനങ്ങൾ വാങ്ങൽ (പ്രൊജക്ട് നമ്പർ S0180/21) പ്രകാരം 99,791/- രൂപ വിലയുള്ള ചുവടെ ചേർക്കുന്ന സാധനങ്ങൾ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. BRN NRO/SALES/831 571180873235/ Dt.30.03.2020 പ്രകാരം 99,791/- രൂപ സാധനങ്ങളുടെ വിലയായി മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| Invoice No NRO/SALES/831 Date: 30.03.2021 | | | | |
|---|---|---|---|---|
| ക്രമ നം | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | വില |
| 1 | Fiber Chair Armed-Nilkamal | 67 | 470/- | 31,490/- |

| | | | | |
|---|---|---|---|---|
| 2 | Steel Table (Size 72’ X 36’ X 15’-6) | 3 | 4,740/- | 14,220/- |
| 3 | Steel Cabinet With 4 Fixed Shelves (Size 78” X 36” X 19”-20 Gauge) | 3 | 7,960/- | 23,880/- |
| 4 | Wall Fan-Usha Sweep: 400 Mm | 6 | 2378/- | 14,268/- |
| | | | ആകെ | 83,858/- |
| | | | CGST | 7,547.22/- |
| | | | SGST | 7,547.22/- |
| | | | K F Cess | 838.58/- |
| | | | Round Off | (-) 0.02 |
| | | | ഒട്ടാകെ | 99,791/- |

പ്രൊജക്റ്റ് നിർവഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ജി.ഒ.(ആർ.ടി.) നം.8/2020/SPD തീയതി 10.02.2020 പ്രകാരമുള്ള ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള സ്റ്റീൽ /മരം / ആശുപത്രി ഫർണിച്ചർ എന്നിവ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഓരോ ഇനം ഫർണിച്ചറിനും സർക്കാർ നിശ്ചയിച്ച വിലയും അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. അനുബന്ധത്തിൽ ഉൾപ്പടാത്ത ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ പ്രകാരം മാത്രമേ വാങ്ങാവൂ എന്നും മേൽപരാമർശിച്ച ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇൻവോയിസ് നമ്പർ NRO/ SALES/ 883 Date: 30.032021 പ്രകാരം ഗ്രാമ പഞ്ചായത്ത് കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയ സാധനങ്ങളിൽ ചുവടെ ചേർക്കുന്നവ സർക്കാർ ഉത്തരവിലെ അനുബന്ധത്തിൽ ഉൾപ്പടുന്നില്ല.

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | വില |
|---|---|---|---|
| Fiber Chair Armed-Nilkamal | 67 | 470/- | 31,490/- |
| Wall Fan - Usha – Sweep: 400 Mm | 6 | 2378/- | 14,268/- |
| | | ആകെ | 45,758/- |

മേൽ അപാകത കാരണം ജി.ഒ.(ആർ.ടി.) നം.8/2020/SPD, തീയതി-10.02.2020 ഉത്തരവിലെ അനുബന്ധത്തിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് വേണ്ടി ചെലവഴിച്ച 45,758/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.21 തിയതി 10.11.2021).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കനകപ്പള്ളി ശ്മശാനം നിർമ്മാണം-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ കോസ്റ്റ് ഇന്റക്സ് 38.24% അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ കനകപ്പള്ളി ശ്മശാനം നിർമ്മാണ പ്രവൃത്തിയുടെ പാർട്ട് ബില്ല് പ്രകാരം കരാറുകാന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി കോമ്പൻസേഷനായി 76,276/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | എസ്. 0110/19, 0283/20, 0283/21. |
| പ്രവൃത്തിയുടെ പേര് | കനകപ്പള്ളി ശ്മശാനം നിർമ്മാണം |
| അടങ്കൽ | 65 ലക്ഷം രൂപ [45 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 20 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതം] |
| എസ്റ്റിമേറ്റ് | ₹ 65,00,000/- (EST NO:2018/128769) |
| സാങ്കേതികാനുമതി | ₹ 65,00,000/- No.1278(എ)/സി1/2015/എസ്.എം. Dated 04.12.2018, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ. |
| എം. ബുക്ക് നം. | 253/2019-20 |
| ആകെ അളവ് മൂല്യം | ₹ 6,35,635/- (പാർട്ട് ബിൽ) |
| കരാറുകാരൻ | രാജേഷ്.ബി |

| | | | |
|---|---|---|---|
| പി.എ.സി | ₹ 30,55,779/- | | |
| എഗ്രിമെന്റ് നമ്പർ | 3/2020-21 Dated 05.08.2020 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | BRN 20200552007601428957 തീ:28.03.2021 | ₹ 7,11,911/- | ₹ 6,83,435/- |

ബളാൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കനകപ്പള്ളി എന്ന സ്ഥലത്ത് (RS No 112/11A1, ബളാൽ വില്ലേജ്) ഒരു വാതക ശ്മശാനം സ്ഥാപിക്കുന്നതിന് 65 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കുകയുണ്ടായി. പദ്ധതിയുടെ എസ്റ്റിമേറ്റ് (EST NO:2018/128769) പ്രകാരം നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Item | Amount |
|---|---|---|
| 1 | Construction Of Crematorium Building | ₹ 40,37,685.17 |
| 2 | Electrification (Lump Sum) | ₹ 3,00,000.00 |
| 3 | Borewell & Accessories (Lump Sum) | ₹ 1,50,000.00 |
| 4 | Crematorium Accessories Including Crematorium Furnace,<br>Chimney, Trolley Etc (Lump Sum) | ₹ 20,00,000.00 |
| | Unforeseen Items If Any (Lump Sum) | ₹ 12,314.83 |
| | Grand Total | ₹ 65,00,000.00 |

പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റ് ശുചിത്വമിഷൻ പരിശോധിച്ച് സാങ്കേതികാനുമതി നൽകുകയുണ്ടായി.

എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കാനുള്ള ശ്മശാനത്തിന്റെ കെട്ടിട നിർമ്മാണം, കുഴൽ കിണർ നിർമ്മാണം എന്നിവയ്ക്കായി ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തികൾ എറ്റെടുത്തു നടപ്പാക്കുന്നതിന് കുറഞ്ഞ തുക (30,55,779/- രൂപ) ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ. രാജേഷ്.ബി-യ്ക്ക് പ്രവൃത്തി ഏൽപ്പിക്കുകയുമുണ്ടായി.

പ്രവൃത്തിയുടെ അളവ് പുസ്തകം ( പേജ് നം 36 പ്രകാരം) പ്രകാരം 6,35,635/- രൂപ ആകെ അളവ് മൂല്യം കണക്കാക്കി ഒന്നാമത്തെ പാർട്ട് ബില്ലായി ചുവടെ വിവരിക്കും പ്രകാരം കരാറുകാരന് 6,83,435/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം (പാർട്ട് ബില്ല്) | ₹ 6,35,635/- |
| (+) 12% GST | ₹ 76,276/- |
| ആകെ | ₹7,11,911/- |

| | |
|---|---|
| (-) ആദായ നികുതി @ 1% | ₹ 7,119/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 7,119/- |
| (-) CGST @ 1% | ₹ 7,119/- |
| (-) SGST @ 1% | ₹ 7,119/- |
| കരാറുകാരന് നല്കിയ തുക | ₹ 6,83,435/ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് DSR 2016 പ്രാകാരം 38.24% കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കിയാണ്. ഈ എസ്റ്റിമേറ്റിൽ (EST NO:2018/128769) ജി.എസ്.ടി. കോമ്പൻസേഷന് തുക വകയിരുത്തിയിട്ടില്ല. എന്നാൽ പ്രവൃത്തിയുടെ കരാറുകാരന് പാർട്ട് ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ 12% ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. പാർട്ട് ബില്ലിൽ ജി.എസ്.ടി. കോമ്പൻസേഷൻ തുക കൂട്ടി നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 72,276/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഇത് പ്രവൃത്തിയുടെ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 12 തിയതി 09.11.2021).

## 3-2 ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു-21,670/-രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2020-2021 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത കൊന്നക്കാട് സ്കൂൾ ടോയിലറ്റ് നിർമ്മാണം (പ്രൊജക്ട് നം. 0316/21), എന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 21,670/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | എസ് 0316/21 (കൊന്നക്കാട് സ്കൂൾ ടോയിലറ്റ് നിർമ്മാണം) |
| അടങ്കൽ | ₹ 3,60,000/- (₹ 1,00,000/- ധനകാര്യ കമ്മീഷൻ അവാർഡ് +<br>₹ 2,60,000/-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| എസ്റ്റിമേറ്റ് തുക | ₹ 3,60,000/- |
| എം. ബുക്ക് നം. | 286/20-21 |
| ആകെ അളവ് മൂല്യം | ₹ 1,74,934/- (പാർട്ട് ബിൽ) |
| കരാറുകരാൻ | ശ്രീ.എം.ഡി.സെബാസ്റ്റ്യൻ. |

| | | | |
|---|---|---|---|
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 11.06% കുറവ്. | | |
| എഗ്രിമെന്റ് നമ്പർ | നം.53/20-21 തീയതി: 22.02.2021 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | BRN 20200552007601429329 തീ:30.03.2019 | ₹ 59,545/- | ₹ 55,627/- |
| | ചെക്ക് നം. 014142 തീ: 08.06.2021 | ₹1,36,381/- | ₹ 1,36,381/- |
| | ആകെ | ₹1,95,926/- | ₹ 1,92,008/- |

കൊന്നക്കാട് സ്കൂൾ ടോയിലറ്റ് നിർമ്മാണ പ്രവൃത്തിക്കായി 3.6 ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തിക്കായി താഴെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു.

| ക്രമ നം | പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ശ്രീ. മുകേഷ് വർക്കി. | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 4.1% കുറവ്. |
| 2 | ശ്രീ. എം.ഡി.സെബാസ്റ്റ്യൻ. | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 11.06% കുറവ്. |

പ്രവൃത്തിക്കായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. എം.ഡി.സെബാസ്റ്റ്യൻ (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 11.06% കുറവ്) എന്ന കരാറുകാരന്റെ ടെണ്ടർ 01.02.2021 ലെ പഞ്ചായത്ത് തീരുമാനം നം 3/3(1) പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പ്രവൃത്തി ചെയ്തതിന് പാർട്ട് ബിൽ പ്രകാരം കരാറുകാരന് താഴെ പറയും പ്രകാരം 1,95,926/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് നം 21 പ്രകാരം) | ₹ 1,74,934/- |
| (+) 12% GST | ₹ 20,992/- |
| ആകെ | ₹ 1,95,926/- |
| (-) ആദായ നികുതി 1% | ₹ 1,959/- |
| (-) KCWWF 1% | ₹ 1,959/- |
| കരാറുകാരന് നൽകിയ തുക | ₹1,92,008/- |

പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 11.06% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 1,74,934/- |
| (-) 11.06% ടെണ്ടർ കിഴിവ് | ₹ 19,348/- |
| ആകെ | ₹ 1,55,586/- |
| (+) 12% GST | ₹ 18,670/- |

| | |
|---|---|
| ആകെ | ₹ 1,74,256/- |
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 1,74,256/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 1,95,926/- |
| അധികം ചെലവഴിച്ച തുക | ₹ 21,670/- |

പ്രവൃത്തിക്കായി ₹ 21,670/- അധികം ചെലവഴിച്ചത് ഓഡിറ്റ് എൻക്വയറി നം.5 തീ: 08.11.2019 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 21,670/- രൂപ തിരികെ ഈടാക്കുകയോ, പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

3-3 സി.വി. കോളനി റോഡ് ടാറിംഗ്- 32.04% കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടതിനുപകരം 33.02% കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | S 0217/21 (സി.വി. കോളനി റോഡ് ടാറിംഗ്) |
| അടങ്കൽ | ₹ 10 ലക്ഷം (വികസന ഫണ്ട്-ടി.എസ്.പി, ധനകാര്യ കമ്മീഷൻ അവാർഡ്, തനത് ഫണ്ട് ) |
| എസ്റ്റിമേറ്റ് | ₹ 10 ലക്ഷം (EST No. 2019/89350) |
| സാങ്കേതികാനുമതി | ₹ 10 ലക്ഷം, No. 81592/2019-2020. (Order No LSGD/TS /2019-2020/89350 Dated 28.10.2019, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്). |
| എം. ബുക്ക് നം. | 172/19-20 |
| ആകെ അളവ് മൂല്യം | ₹ 7,61,822/- |
